# ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം

**(ഹാജർ: എം.ജി.രാജമാണിക്യം ഐ.എ.എസ് )**

**സംഗ്രഹം**

ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം- ഗ്രാമവികസന വകുപ്പിൽ നിയമിതരായിട്ടുള്ള ലാസ്റ്റ് ഗ്രേഡ്/ഡ്രൈവർ തസ്തികയിലെ ജീവനക്കാർക്ക് യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നം. 2129/എസ്റ്റാ.ഡി 4/2022/സി.ആർ.ഡി തീയതി : 07/02/2023**

---

പരാമർശം:- 1. സർക്കാരിന്റെ 03.01.2014-ലെ സ.ഉ(പി)1/2014/പി&എആർഡി നമ്പർ ഉത്തരവ്.

2. സർക്കാരിന്റെ 28.05.2015-ലെ സ.ഉ(പി) 16/2015/പി&എആർഡി നമ്പർ ഉത്തരവ്.

3. സർക്കാരിന്റെ 21.07.2022-ലെ സ.ഉ(അച്ചടി) 6/2022/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.

4. ഈ ഓഫീസിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 14.11.2022-ലെ 2129/എസ്റ്റാ.ഡി4/2022 നമ്പർ നടപടിക്രമം.

## ഉത്തരവ്

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർ ഉൾപ്പെടെ) യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നത് സംബന്ധിച്ച് പരാമർശം (1), (2) പ്രകാരം ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിലെ ഏറ്റവും സീനിയറായ 3 പേർക്ക് 26500-60700 രൂപ ശമ്പള സ്കെയിലിൽ ഉത്തരവ് തീയതി പ്രാബല്യത്തിൽ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ചുവടെ ചേർത്തിരിക്കും പ്രകാരം നിയമിച്ച ഉത്തരവാകുന്നു.

| ക്രമ നം | പേര് | നിയമനം അനുവദിക്കുന്ന ജില്ല |
|---|---|---|
| 1 | ശാന്ത.കെ.എ<br>പെൻ.202875<br>ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്<br>സുൽത്താൻ ബത്തേരി | വയനാട് |
| 2 | ദീപ.ഇ.എസ്<br>പെൻ.419591<br>പ്രോജക്റ്റ് ഡയറക്ടർ<br>ദാരിദ്ര്യലഘൂകരണ വിഭാഗം<br>കോട്ടയം | മലപ്പുറം |
| 3 | ഷീബ.പി<br>പെൻ.407200<br>അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ<br>(ജനറൽ), പാലക്കാട് | പാലക്കാട് |

നിലവിൽ ഒഴിവുള്ള ജില്ലയിൽ തസ്തികമാറ്റ നിയമനം ലഭിച്ച ജീവനക്കാരിക്ക് ടിയാളുടെ മാതൃജില്ലയിൽ ടി വകുപ്പിൽ തസ്തികമാറ്റത്തിനായി മാറ്റിവെച്ചിട്ടുള്ള ഒഴിവ് വരുന്ന മുറയ്ക്ക് അപേക്ഷ പ്രകാരം സ്ഥലമാറ്റം അനുവദിക്കുന്നതാണ്.

കൂടാതെ സ്ഥാനക്കയറ്റം നൽകി മറ്റ് ഓഫീസുകളിലേക്ക്/ജില്ലകളിലേക്ക് നിയമിക്കപ്പെട്ട ജീവനക്കാർ ബന്ധപ്പെട്ട അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) മുമ്പാകെ ഹാജരാകേണ്ടതാണെന്ന നിർദ്ദേശത്തോടെ എത്രയും വേഗം വിടുതൽ ചെയ്യേണ്ടതും ടി ജീവനക്കാർ വിടുതൽ ചെയ്യപ്പെട്ട/പുതിയ ഓഫീസിൽ ജോലിയിൽ പ്രവേശിച്ച വിവരം യഥാസമയം ഈ ഓഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)
ഗ്രാമവികസന കമ്മീഷണർ

സ്വീകർത്താവ്:- വ്യക്തികൾക്ക് (ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖാന്തിരം)

പകർപ്പ്:-1. പ്രോജക്റ്റ് ഡയറക്ടർ, ദാരിദ്ര്യലഘൂകരണ വിഭാഗം, കോട്ടയം
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), വയനാട്, മലപ്പുറം, പാലക്കാട്, കോട്ടയം.
3. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് സുൽത്താൻ ബത്തേരി
4. ഐ.ടി സെൽ (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

എസ്.വി